terminal
HOLIDAYS

WELCOME TO
HYDERABAD

4 DAYS

# ഹൈദരാബാദ്



Itinerary

**Call:+91 8943 7000 61, 8943 7000 62**



WELCOME TO HYDERABAD

4 DAYS

# ഹൈദരാബാദ്

terminal HOLIDAYS

തെലുങ്കാനയുടെ തലസ്ഥാനമായ ഹൈദരാബാദ്, സമ്പന്നമായ ചരിത്രവും വൈവിധ്യമാർന്ന സംസ്കാരവും ഉത്തരാധുനികതയും ഒരുപോലെ സമന്വയിക്കുന്ന സുന്ദരനഗരമാണ്. 'മുത്തുകളുടെ നഗരം', എന്ന് അറിയപ്പെടുന്ന ഹൈദരാബാദ്, ഇന്ത്യയുടെ സാംസ്കാരിക ഭൂപടത്തിൽ ഒരു പ്രധാന സ്ഥാനമാണ് വഹിക്കുന്നത്.ഹൈദരാബാദിന്റെ സംസ്കാരം അതിന്റെ നൈസാം പാരമ്പര്യത്തിലും മുഗൾ, ഡെക്കാൻ സ്വാധീനങ്ങളിലുമാണ് വേരൂന്നിയിരിക്കുന്നത്. ഇവിടുത്തെ ഭക്ഷണം, കല, വാസ്തുവിദ്യ എന്നിവയിലെല്ലാം ഈ സമ്മിശ്ര സംസ്കാരം പ്രതിഫലിക്കുന്നു. ലോകപ്രശസ്തമായ ഹൈദരാബാദി ബിരിയാണി ഇവിടുത്തെ പാചകനൈപുണ്യത്തിൻറെ മകുടോദാഹരണമാണ്. ബിദ്രി കരകൗശല വസ്തുക്കൾ വർണ്ണാഭമായ കുപ്പിവളകൾ, പേൾ ആഭരണങ്ങൾ എന്നിവ ഇവിടുത്തെ സാംസ്കാരിക തനിമ വിളിച്ചോതുന്നു. പുരാതന സ്മാരകങ്ങളും ആധുനിക ഷോപ്പിംഗ് മാളുകളും, തനതായ ഭക്ഷണശാലകളും ഐടി- ഹൈടെക് വ്യവസായശാലകളും ഒരുപോലെ കാണാൻ കഴിയുന്ന ഹൈദരാബാദ് ഓരോ സഞ്ചാരിക്കും വ്യത്യസ്തമായ അനുഭവങ്ങളാണ് സമ്മാനിക്കുന്നത്.

DAY 1

## ഹൈദരാബാദിൽ എത്തിച്ചേരുന്നു.

സ്വന്തം നഗരത്തിൽ നിന്നും ട്രെയിനിൽ അല്ലെങ്കിൽ വിമാനത്തിൽ ഹൈദരാബാദിൽ എത്തിച്ചേരുന്നതോടെ നിങ്ങളുടെ യാത്ര ആരംഭിക്കുന്നു. വിമാനത്താവളം / റെയിൽവേ സ്റ്റേഷനിൽ നിന്നും പ്രൈവറ്റ് വാഹനത്തിൽ ഹോട്ടലിലേക്ക്. വഴിയിൽ ഉച്ചഭക്ഷണം. ഹോട്ടലിൽ ചെക്ക് ഇൻ ചെയ്ത ശേഷം അല്പസമയം വിശ്രമം. തുടർന്ന് എൻ ടി ആർ ഗാർഡൻസ്, ലുംബിനി പാർക്ക് എന്നിവ കാണാനായി പുറത്തേയ്ക്ക്.

വൈകിട്ട് തിരിച്ച് ഹോട്ടലിൽ ഡിന്നർ.



Lunch / Dinner

WELCOME TO HYDERABAD

4 DAYS

# ഹൈദരാബാദ്



## എൻ ടി ആർ ഗാർഡൻസ്

ഹൈദരാബാദിലെ ഹുസൈൻ സാഗർ തടാകത്തിന് സമീപം 15 ഹെക്ടറിൽ പരന്നുകിടക്കുന്ന അതിമനോഹരമായ ഉദ്യാനമാണ് എൻ ടി ആർ ഗാർഡൻസ്. ആന്ധ്രാപ്രദേശ് മുൻ മുഖ്യമന്ത്രി എൻ.ടി. രാമറാവുവിന്റെ സ്മരണാർത്ഥമാണ് ഉദ്യാനത്തിന് എൻ ടി ആർ ഗാർഡൻസ് എന്ന് നാമകരണം ചെയ്തത്.

## ലുംബിനി പാർക്ക്

ബുദ്ധന്റെ ജന്മസ്ഥലമായ നേപ്പാളിലെ ലുംബിനിയുടെ പേരിലാണ് ഈ പാർക്ക് അറിയപ്പെടുന്നത്. മനോഹരമായി സജ്ജീകരിച്ച പൂന്തോട്ടങ്ങൾ, ശാന്തമായ അന്തരീക്ഷം എന്നിവ ഇവിടുത്തെ പ്രധാന ആകർഷണങ്ങളാണ്. മനോഹരമായി പരിപാലിക്കപ്പെടുന്ന പൂച്ചെടികൾ, വിവിധതരം സസ്യങ്ങളും പൂക്കളും എന്നിവ ലുംബിനി പാർക്കിന്റെ സൗന്ദര്യത്തിന് മാറ്റു കൂട്ടുന്നു. നഗരമദ്ധ്യത്തിൽ വിശ്രമിക്കാനും പ്രകൃതിയെ ആസ്വദിക്കാനും പറ്റിയ ഒരിടം കൂടിയാണിത്.കുട്ടികൾക്കായി ഇവിടെ രസകരമായ റൈഡുകളും കളിക്കളങ്ങളും ഒരുക്കിയിട്ടുണ്ട്.






DAY
2

## റാമോജി ഫിലിം സിറ്റി.

പ്രഭാതഭക്ഷണത്തിനു ശേഷം മുഴുവൻ ദിവസ സൈറ്റ്സീയിംഗിനായി ഹൈദരാബാദിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രമായ റാമോജി ഫിലിം സിറ്റിയിലേക്ക്. സിനിമ എന്ന മായികലോകത്തിൻറെ എല്ലാ ആകർഷണങ്ങളും ഇവിടെ ദിവസം മുഴുവൻ അനുഭവിക്കാം. വൻകിട സിനിമാ സെറ്റുകൾ, വിവിധ തരം ഷോകൾ, നൃത്തപരിപാടികൾ, ഷൂട്ടിംഗ് ലൊക്കേഷനുകൾ, സിനിമയുടെ പിന്നണിപ്രവർത്തനങ്ങൾ, പ്രമുഖതാരങ്ങളുടെയും സിനിമാപ്രവർത്തകരുടെയും താമസകേന്ദ്രങ്ങൾ, എന്നിവയെല്ലാം കാണാം. ഭാഗ്യം കടാക്ഷിയ്ക്കുന്നുവെങ്കിൽ നിങ്ങളുടെ പ്രിയതാരങ്ങളിൽ ആരെയെങ്കിലും വഴിയിൽ കണ്ടുമുട്ടാം. ഇന്നേദിവസം ഉച്ചഭക്ഷണം ഇവിടെയാണ്. വൈകിട്ട് തിരിച്ച് ഹോട്ടലിലേക്ക്. തുടർന്ന് ഡിന്നർ, വിശ്രമം.

B/F / Lunch / Dinner




ഹൈദരാബാദിലെ ഹയാത് നഗറിൽ സ്ഥിതി ചെയ്യുന്ന റാമോജി ഫിലിം സിറ്റി ലോകത്തിലെ ഏറ്റവും വലുതും ആകർഷകവുമായ  ചലച്ചിത്ര സ്റ്റുഡിയോ സമുച്ചയങ്ങളിൽ ഒന്നാണ്. ഗിന്നസ് ബുക്ക് ഓഫ് വേൾഡ് റെക്കോർഡ്സിൽ ഈ സ്റ്റുഡിയോ സ്ഥാനം പിടിച്ചിരിക്കുന്നു. 2000 ഏക്കറിലധികം വിസ്തൃതിയിൽ പരന്നുകിടക്കുന്ന ഈ പടുകൂറ്റൻ സ്റ്റുഡിയോ ചലച്ചിത്ര നിർമ്മാണത്തിനും വിനോദസഞ്ചാരത്തിനും ഒരുപോലെ പ്രശസ്തമാണ്.1996-ൽ പ്രശസ്ത ചലച്ചിത്ര നിർമ്മാതാവും റാമോജി ഗ്രൂപ്പിന്റെ തലവനുമായ റാമോജി റാവുവാണ് ഈ ഫിലിം സിറ്റി സ്ഥാപിച്ചത്. സിനിമ വ്യവസായത്തിന്റെ എല്ലാ ആവശ്യങ്ങളും ഒരിടത്ത് തന്നെ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് അദ്ദേഹം ഈ സ്റ്റുഡിയോ ആരംഭിച്ചത്.താമസിയാതെ ഇത് ഒരു പ്രധാന വിനോദസഞ്ചാര കേന്ദ്രമായി വളർന്നു.റാമോജി ഫിലിം സിറ്റിയുടെ പ്രധാന ആകർഷണം ഇവിടുത്തെ യഥാർത്ഥ സിനിമാ സെറ്റുകളാണ്.

സ്ക്രീനിൽ കണ്ടു വിസ്മയിച്ച ബാഹുബലി,യന്തിരൻ എന്നിവയുടെയും മറ്റ് നിരവധി ഹിന്ദി, മലയാളം, തെലുങ്ക്, തമിഴ്, കന്നട ചിത്രങ്ങളുടെയും സെറ്റുകൾ ഇവിടെ നേരിൽ കാണാം. മഹിഷ്മതി സാമ്രാജ്യം പോലുള്ള സെറ്റുകൾ സന്ദർശകർക്ക് ഒരു പ്രത്യേക അനുഭവമാണ് നൽകുന്നത്.നൃത്ത രംഗങ്ങൾക്കുള്ള പൂന്തോട്ടങ്ങൾ, ഉത്തരേന്ത്യൻ, ദക്ഷിണേന്ത്യൻ ഗ്രാമങ്ങളുടെ മാതൃകകൾ, റെയിൽവേ സ്റ്റേഷൻ, വിമാനത്താവളം, ആശുപത്രി,കൊട്ടാരങ്ങൾ, ചരിത്ര സ്മാരകങ്ങളുടെ മാതൃകകൾ എന്നിങ്ങനെ സിനിമ ചിത്രീകരണത്തിന് ആവശ്യമായ എല്ലാത്തരം ലൊക്കേഷനുകളും ഇവിടെ ഒരുക്കിയിട്ടുണ്ട്. ഒറ്റ വാക്കിൽ പറഞ്ഞാൽ, ഒരു തിരക്കഥയുമായി എത്തിയാൽ സിനിമ പൂർത്തിയാക്കി മടങ്ങാൻ കഴിയുന്നത്ര സൗകര്യങ്ങൾ ഈ സ്റ്റുഡിയോയിലുണ്ട്. കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ ആസ്വദിക്കാൻ കഴിയുന്ന നിരവധി റൈഡുകളും വിനോദ പരിപാടികളും ഇതോടൊപ്പം ഫിലിം സിററിയിൽ ഒരുക്കി യിരിക്കുന്നു.ഹൈദരാബാദ് സന്ദർശിക്കുന്ന ഏതൊരാൾക്കും ഒരിക്കലും മറക്കാനാവാത്ത അനുഭവമാണ് റാമോജി ഫിലിം സിറ്റി നൽകുന്നത്. സിനിമയുടെ ലോകവും വിനോദവും ചരിത്രവും ഒരുമിച്ച് ആസ്വദിക്കാൻ ഇന്ത്യയിലെ ഏറ്റവും മികച്ച ഇടം..

www.terminalholidays.com /Terminal holidays /terminalholidays

WELCOME TO HYDERABAD

4 DAYS

# ഹൈദരാബാദ്



### ചാർമിനാർ

1591-ൽ സുൽത്താൻ മുഹമ്മദ് ഖുലി ഖുതുബ് ഷാ തന്റെ ഭാര്യ ഭാഗ്മതിയുടെ ഓർമ്മയ്ക്കായി നിർമ്മിച്ചതാണ് ചാർമിനാർ. കിഴക്കിന്റെ ആർക്ക്-ഡി-ട്രയംഫ് എന്നും ഇത് അറിയപ്പെടുന്നു.

DAY 3

## സിറ്റി ടൂർ.

പ്രഭാതഭക്ഷണത്തിനു ശേഷം, ഹൈദരാബാദിലെ ചാർമിനാർ, മക്ക മസ്ജിദ്, സലാർജംഗ് മ്യൂസിയം, ഗോൽക്കൊണ്ട ഫോർട്ട്, ബിർള മന്ദിർ എന്നീ പ്രധാന കേന്ദ്രങ്ങൾ സന്ദർശിക്കുന്നതിനായി പുറപ്പെടുന്നു. വഴിയിൽ ഹൈദരാബാദി തനത് ലഞ്ച് ആസ്വദിക്കാം. വൈകിട്ട് തിരിച്ച് ഹോട്ടലിലേക്ക്. തുടർന്ന് രാത്രി ഭക്ഷണം, വിശ്രമം.

B/F / Lunch / Dinner



### മക്ക മസ്ജിദ്

**ഹൈദരാബാദിൽ സ്ഥിതി ചെയ്യുന്ന മക്ക മസ്ജിദ് നഗരത്തിലെ ഏറ്റവും വലിയ പള്ളിയും രാജ്യത്തെ വലിയ പള്ളികളിൽ ഒന്നുമാണ്. ഏകദേശം 10,000 പേർക്ക് ഇവിടെ ഒരേ സമയം പ്രാർത്ഥിക്കാൻ സാധിക്കും.**



## സലാർ ജംഗ് മ്യൂസിയം

ഇന്ത്യയിലെ മൂന്നാമത്തെ വലിയ മ്യൂസിയമാണിത്. 38 ഗാലറികളിലായി വ്യാപിച്ചുകിടക്കുന്ന ഇവിടെ 43,000 കലാ വസ്തുക്കളും (ഇന്ത്യൻ കല, ഫാർ ഈസ്റ്റേൺ കല, യൂറോപ്യൻ കല, മിഡിൽ ഈസ്റ്റേൺ കല മുതലായവ), 9,000 കൈയെഴുത്തുപ്രതികളും, 47,000 അച്ചടിച്ച പുസ്തകങ്ങളും ഉണ്ട്.

WELCOME TO HYDERABAD

4 DAYS

# ഹൈദരാബാദ്



## ഗോൽക്കൊണ്ട കോട്ട

ആദ്യം കാകതീയ രാജവംശം നിർമ്മിക്കുകയും പിന്നീട് ഖുതുബ് ഷാഹി രാജാക്കന്മാർ വികസിപ്പിക്കുകയും ചെയ്തതാണ് ഗോൽക്കൊണ്ട കോട്ട. ഇവിടുത്തെ പ്രധാന ആകർഷണങ്ങൾ പുരാതന ജലവിതരണ സംവിധാനം, റഹ്ബാൻ പീരങ്കി, രാംദാസിന്റെ ജയിൽ എന്നിവയാണ്.



## ബിർള മന്ദിർ

**280 അടി ഉയരമുള്ള കുന്നിൻ മുകളിൽ സ്ഥിതി ചെയ്യുന്ന ഈ ക്ഷേത്രം, രാജസ്ഥാനിൽ നിന്നുള്ള 2000 ടൺ വെണ്ണക്കല്ലും വിദഗ്ദ ശിൽപ്പികളുടെ 10 വർഷത്തെ കഠിനാധ്വാനവും ഒന്നു ചേർന്നതാണ്. ഏതൊരാളിൻറെയും മനം കവരുന്ന കാഴ്ചയാണ് ഈ നിർമ്മിതി.**

WELCOME TO HYDERABAD

4 DAYS

# ഹൈദരാബാദ്

DAY 4

### തിരികെ നാട്ടിലേക്ക്.

ഹോട്ടലിൽ പ്രഭാതഭക്ഷണത്തിനു ശേഷം സമയം അനുവദിക്കുന്നതിനനുസരിച്ച് ഷോപ്പിംഗ്. തുടർന്ന് ഹോട്ടലിൽ നിന്ന് ചെക്കൌട്ട്. ഇനി ഹൈദരാബാദിന്റെ മനോഹരമായ ഓർമ്മകളുമായി മടക്കയാത്രയ്ക്കായി റെയിൽവേ സ്റ്റേഷനിലേക്ക് / എയർപോർട്ടിലേക്ക്.



B/F

Embrace HOLIDAYS

## ഹൈദരാബാദി ബിരിയാണി: രുചിയുടെ രാജകീയ പെരുമ

ബിരിയാണികളുടെ ലോകത്തെ ചക്രവർത്തി എന്ന് നിസ്സംശയം വിശേഷിപ്പിക്കാവുന്ന ഒന്നാണ് ഹൈദരാബാദി ദം ബിരിയാണി. കേവലം ഒരു ഭക്ഷണമെന്നതിലുപരി, ഹൈദരാബാദിന്റെ നൈസാം പാരമ്പര്യവും മുഗൾ, തെലങ്കാന രുചികളും ഒത്തുചേർന്ന ഒരു സാംസ്കാരിക പ്രതീകം കൂടിയാണിത്.

ഹൈദരാബാദി ബിരിയാണിയുടെ വേരുകൾ ചെന്നെത്തുന്നത് ഹൈദരാബാദ് നൈസാമുമാരുടെ രാജകീയ അടുക്കളകളിലാണ്.പതിനെട്ടാം നൂറ്റാണ്ടിൽ നൈസാമിന്റെ ഭരണകാലത്ത് മുഗൾ, ഇറാനിയൻ പാചകരീതികളും തനത് തെലങ്കാന രുചികളും സമന്വയിപ്പിച്ചാണ് ഈ വിഭവം രൂപംകൊണ്ടതെന്ന് വിശ്വസിക്കപ്പെടുന്നു. ദരിദ്രരുടെ വിശപ്പകറ്റാൻ വേണ്ടി തയ്യാറാക്കിയ വിഭവമായിരുന്നു മുഗൾ ചരിത്രത്തോളം പഴക്കമുള്ള ദം ബിരിയാണിയെന്നും ഒരു ചരിത്രമുണ്ട്. പിന്നീട്, അതിന്റെ അതുല്യമായ രുചിക്കൂട്ടിലൂടെ അത് രാജകീയ വിഭവമായി മാറുകയായിരുന്നു. പേർഷ്യൻ വാക്കായ 'ബിരിയാൻ' എന്നതിൽ നിന്നാണ് ബിരിയാണി എന്ന പേരുണ്ടായതെന്ന് കരുതപ്പെടുന്നു, ഇതിനർത്ഥം പാകം ചെയ്യുന്നതിന് മുമ്പ് വറുത്തത് എന്നാണ്.
കുങ്കുമപ്പൂവ് ചേർത്ത പാൽ ഇതിന് സവിശേഷമായ നിറവും സുഗന്ധവും നൽകുന്നു. പാത്രം തുറക്കുമ്പോൾ ഉയരുന്ന ഗന്ധം ഏതൊരു ഭക്ഷണപ്രേമിയുടെയും മനം മയക്കുന്നതാണ്. ദഹി ചട്ണി (റായ്ത്ത), മിർച്ചി കാ സാലൻ (മുളക് കറി) എന്നിവയ്ക്കൊപ്പമാണ് ഹൈദരാബാദി ബിരിയാണി പരമ്പരാഗതമായി വിളമ്പുന്നത്. ഈ ഉപവിഭവങ്ങൾ ബിരിയാണിയുടെ എരിവും രുചിയും സന്തുലന ത്തിലാക്കാൻ സഹായിക്കുന്നു.

ഒരു ഭക്ഷ്യവിഭവം എന്നതിനപ്പുറം ഒരു അനുഭവമാണ് ഹൈദരാബാദി ബിരിയാണി സമ്മാനിക്കുന്നത്. തലമുറകളായി കൈമാറി വന്ന പാചകരീതികളും രാജകീയമായ ചേരുവകളും ഈ ബിരിയാണിയെ ലോകത്തിലെ ഏറ്റവും മികച്ച രുചിക്കൂട്ടുകളിലൊന്നാക്കി മാറ്റുന്നു.






# ഹൈദരാബാദ്

**Package Inclusions:**

- 3 Nights Stay on twin/triple sharing basis
- 4 Days  A.C. Vehicle for Hyderabad Local Sightseeing (with 12 Hrs / 80 Kms per Day)
- 3 Breakfasts at Hyderabad Hotel
- 3  Dinner at Hyderabad Hotel
- 1  Lunch in Ramoji Film City & 2 lunches in good quality restaurants.
- All Sightseeing Transfers as per the Itinerary with entry tickets
- 500ml water bottle during sight seeing per day
- Pickup and Drop - Hyderabad Airport / Railway Station / Bus Stand`
- Vehicle Parking Charges
- Driver Battha & Toll Gate (if any)
- G.S.T. @ 5%

**Package Exclusions:**

- Any meals not mentioned in the inclusions
- Meals during train / flight travel towards and return Hyderabad
- Entry tickets for sightseeing not mentioned in the intinerary
- Any expenses personal in nature
- Any hotel surcharges
- Items not mentioned in the inclusions.

For bookings & more information:

**Call:+91 8943 7000 61, 8943 7000 62**

Package ID:EH/HYD/2025




# ഹൈദരാബാദ്

## Terms and Conditions

Terminal Holidays reserves the right to amend, alter, postpone or cancel any of the tours announced or advertised, without assigning any reason. In case of a complete cancellation, money paid by the tour participant will be refunded deducting the third party or vendor booking charges like air tickets, but no compensation claim will be entertained. In case of unforseen situations, natural or man-made, like, acts of God, riots, wars, accidents, embargo, terror attacks, coup, strike, natural calamities, bad weather or unforeseen circumstances, premature cancellations or no show - all these will be entirely to the customer account and no claim / refund for the same shall be accepted. Company reserves the right to change / modify / vary and alter the tour itinerary if it becomes necessary. In such cases, compensations or claiming of refunds by the tour participant will not be entertained for limitation and also for the non-availability of certain services including parks, museums, restaurants,sightseeing shopping etc. even though included in tour itinerary. The tariff of the tour quoted is calculated as per the rates prevailing at the time of quoting it. Terminal Holidays reserves the right to change the tariff in the event of modification / alteration / change / variation in the said rates before the date of departure. Tour tariff is based on departure from Cochin,unless specifically mentioned the boarding destination. Group tour costs are based on a minimum 20, 25 or 30 passengers travelling together in the group and minimum number of FIT tours are 2. In a group tour, if there is a drastic fall in the number, then the offered itinerary, meal plan, vehicle and other services may change accordingly. In case of non-availability of rooms in same hotel, Company has the right to split the accommodation in different hotels for a group. Hotel accommodation is generally provided on Twin sharing basis in standard rooms and the third bed is often a roll-away mattress put in a twin-bedded room. Single passengers, should share a room either on a twin or triple sharing basis depending on the booking. If we do not have another single person to share with, an additional cost will be applicable. Air conditioning, central heating and other facilities are provided by the hotels depending upon various factors including weather / climatic conditions, local systems, tour type, etc. As a Holiday company / Tour Operator, Terminal Holidays does not have any control over Airlines, Railways, Coach Companies, Shipping Companies, Hotels, Local Transport or any other facilities, provided by the third parties. The company is not responsible for the delays or deficiencies in the services provided by outside agencies. Also please be aware of that the company does not have any control on holidays, schedules of opening and closing timings, entry ticket rates etc. of the tourist attractions. In the computerized reservation system of Indian Railways/Airlines, the berths / seats once reserved cannot be changed. Tour participants will have to travel by the same berth/seat as mentioned in the ticket, issued by Indian Railways/Airline. Company shall not be responsible for any loss, damage or injury to person, property, or otherwise in connection with any accommodation, transportation or other services, resulting-directly or indirectly- from any act of dangers, fire, accident break- down in machinery or equipment, breakdown of transport, wars, civil disturbances, strikers, riots, thefts, pilferages, epidemic, medical or custom department regulations, defaults or any other causes. Tour cancellations, or modifications by any participant should be in email to our official mailbox.

**By purchasing/booking a service/product from Terminal Holidays it is assumed that you agree to these terms and conditions.**

## Cancellation Policy

| Period of Cancellation | Cancellation Charges |
|---|---|
| Booking Advance: | 100% of the booking advance.<br>(If not otherwise mentioned, the first payment shall be considered as Booking advance, exclusive of air, land and water travel tickets.) |
| 46 days & above before departure: | 25% of the total tour cost or booking advance whichever is higher. |
| 45-21 days: | 50% of the total tour cost or booking advance whichever is higher. |
| 20 -15 days: | 75% of the total tour cost or booking advance whichever is higher. |
| 14 -0 days before departure: | 100% of the total tour cost. |
| Air tickets taken separately exclusive of package cost | As per Airline policy / 100% non-refundable within 30 days. |
| Train /Bus / Ferry / Cruise tickets: | As per the policy of the concerned provider. |
| Visa: | Non-refundable. |
| Insurance: | Non-refundable. |

The above mentioned cancellation policy is applicable on total tour cost. GST & TCS to be paid additional over and above the cancellation charges. Booking advance will not be refunded under any circumstances. In case of a part payment, whatever the amount paid at the time of cancellation will be considered as the total tour cost. It has been clarified that the cancellations are non-transferable and cannot be applied towards future bookings. Terminal Holidays reserves the right to modify the cancellation policy at any time, with or without prior notice, at its sole discretion.

* images are indicative only.
* All booking confirmations are subject to availability.
* For all claims, disputes of whatsoever nature relating to the tours the courts, forums and tribunals in Kozhikode alone shall have exclusive jurisdiction.

2nd Floor Vadakkaneth Arcade
Cochin International Airport
Nedumbassery, Ernakulam-683 858

+91 8943 7000 61, 8943 7000 62, 8943 7000 63, 8943 7000 64,

www.terminalholidays.com /Terminal holidays /terminalholidays